നാഷണൽ ഫാമിലി ബെനിഫിറ്റ് സ്കീം-വിധവകൾക്കുള്ള ആനുകൂല്യങ്ങൾ

30 (*150) ശ്രീമതി കെ. എസ്. സലീഖ :
ഡോ. കെ. ടി. ജലീൽ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാഷണൽ ഫാമിലി ബെനിഫിറ്റ് സ്കീം പ്രകാരം വിധവകൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ ലഭിക്കാനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയോ ;

(ബി) ഇതുസംബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ;

(സി) ഭർത്താവ് മരിച്ചാൽ കിട്ടുന്ന അടിയന്തര ധനസഹായം ബി.പി.എൽ. കാർക്ക് മാത്രമാക്കിയുള്ള നിർദ്ദേശം ഈ ഉത്തരവുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ആയത് സാധാരണക്കാർക്കുണ്ടാക്കിയിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഉണ്ട്.

(ബി) കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ 8-11-2012-ലെ ഓഫീസ് മെമ്മോറാണ്ടം നമ്പർ J-11015/1/2012-NSAP പ്രകാരം നാഷണൽ ഫാമിലി ബെനിഫിറ്റ് സ്കീം മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയതിനെത്തുടർന്ന് ടി മാറ്റങ്ങളുൾപ്പെടുത്തി 25-3-2013-ന് സ.ഉ.(എം.എസ്.)നമ്പർ 27/2013/സാ.നീ.വ. ഉത്തരവ് പുറപ്പെടുവിച്ചു.

ആയതിൻ പ്രകാരം ധനസഹായാർഹതയ്ക്ക് കുടുംബത്തിലെ മുഖ്യ വരുമാനാർജ്ജിതാവ് മരണപ്പെടുന്ന സമയത്ത് ടിയാൻ 18-59 പ്രായപരിധിയിലായിരിക്കണം.

മരണപ്പെടുന്ന വ്യക്തി ബി.പി.എൽ. കുടുംബാംഗമാകണം എന്ന നിബന്ധനയിൽ മാറ്റമില്ല; കൂടാതെ . ധനസഹായം 10,000 രൂപയിൽനിന്നും 20,000 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) പൂർണ്ണമായും ഒരു കേന്ദ്ര സർക്കാർ പദ്ധതിയായ നാഷണൽ ഫാമിലി ബെനിഫിറ്റ് സ്കീം 13-12-1995-ലെ G.O.(P) 47/95 പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങിയതുമുതൽക്ക് ഇന്നുവരെയും ടി ധനസഹായം ലഭിക്കുന്നതിന് കുടുംബത്തിലെ മരണപ്പെടുന്ന മുഖ്യവരുമാനാർജ്ജിതാവ് ബി.പി.എൽ. കുടുംബാംഗം ആകണമെന്ന നിബന്ധനയുണ്ട്. ടി ധനസഹായം നൽകുന്നതും ആയതിന്റെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതും കേന്ദ്ര സർക്കാരായതിനാൽ സാധാരണക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ആയതിൽ വ്യതിയാനം വരുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. എങ്കിലും മരണപ്പെടുന്ന വ്യക്തിയുടെ വരുമാനം കണക്കിലെടുക്കുമ്പോൾ മിക്ക കുടുംബങ്ങളും ബി.പി.എൽ. കുടുംബത്തിന്റെ നിർവ്വചനത്തിൽ പെടാത്ത സാഹചര്യം നിലനിൽക്കുന്നുവെന്ന് മനസ്സിലാക്കിയതിന്റെയടിസ്ഥാനത്തിൽ വ്യക്തി മരണപ്പെട്ട് കഴിയുമ്പോൾ വ്യക്തിയുടെ വരുമാനം ഒഴിവാക്കി കുടുംബം ബി.പി.എൽ. ആണോയെന്നത് നിർണ്ണയിക്കുന്ന രീതിയിൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ നടപടികളുണ്ടായിട്ടില്ല.

(ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഏറനാട് മണ്ഡലത്തിലെ ഹാഡ പദ്ധതി

1(1374) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാഡ പദ്ധതിയിൽ ഏറനാട് മണ്ഡലത്തിലെ ഊർങ്ങാട്ടിരി, ചാലിയാർ എന്നീ പഞ്ചായത്തുകളിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത്;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്; പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നവ ഏതൊക്കെയാണ്; വർഷം തിരിച്ച് വിശദാംശം നൽകുമോ?

ഉത്തരം

(എ) ഊർങ്ങാട്ടിരി, ചാലിയാർ എന്നീ പഞ്ചായത്തുകളിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ അനുബന്ധം 1* ആയി കൊടുത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly